# <u>വിധേയൻ</u>

– ബെൻസൻ ബേബി

---

(അഗ്നിമയന്മാരാരെ നോക്കി – എന്ന രീതി)

നാഥൻ ചൊന്ന നാടിനെ നോക്കി യോന തപിച്ചു
ദുഷ്കൃതരാം നിനുവയരുടെ മേലെ കോപം പൂണ്ടു
തർസ്സോസ് യാത്രയ്ക്കായി തിരച്ച കപ്പലിലേറി
ചിന്തകളെല്ലാം ആഴിയിലാഴ്ത്തി യോന മയങ്ങി

തിരു വചനങ്ങളെ തെല്ലും കൂസാതുള്ളൊരു നിബിയെ
തൻ മടിത്തട്ടിൽ സുഖമായ് കാക്കാൻ ആഴി മടിച്ചു
കപ്പലിലുള്ളോർ അത്യുച്ചത്തിൽ കേണു വിളിച്ചു
ഉയരുന്നോരാ തിരകളെ കണ്ട് ഭയന്ന് വിറച്ചു

ചീട്ടിട്ടവരിൽ യോനാ നിബിയെ കടലിലെറിഞ്ഞു
അത്ഭുതമാകുംവിധമാ സാഗരത്തിരകളടങ്ങി
ഉടയോനേർപ്പാടാക്കിയ മത്സ്യം നിബിയെ വിഴുങ്ങി
മൂന്ന് ദിനങ്ങൾ മത്സ്യോദരത്തിൽ യോന കഴിഞ്ഞു

മൂന്നാം നാളിൽ ഭീമാകാരൻ മത്സ്യം നിബിയെ
കരയിൻ കരങ്ങളിലേൽപ്പിച്ചാഴിയിലേക്ക് മടങ്ങി
ഉടയോനേകിയ ദൗത്യത്തെ നിബി യോനാ ഓർത്തു
തെല്ലൊരു നിമിഷം കാക്കാതങ്ങനെ നിനുവയ പൂകി

നിബി തൻ മൊഴികളെ ഹൃത്തിലേറ്റിയ നിനുവയരെല്ലാം
നോമ്പാൽ താതൻ തന്നുടെ കരുണയ്ക്കായി കേണു
ഏഴകൾ ഞങ്ങൾ ഈ പ്രാർത്ഥനയാൽ അർത്ഥിക്കുന്നു
നിനുവയക്കാരോടെന്നതു പോലെ കനിവേകണമേ!